Mathrubhumi
മാതൃഭൂമി

# 5,800 കോടിയുടെ ക്ലെയിമുകൾ തീർപ്പാക്കി സ്റ്റാർ ഹെൽത്ത്

**കൊച്ചി** ▸ സ്റ്റാർ ഹെൽത്ത് ആൻഡ് അലൈഡ് ഇൻഷുറൻസ് കേരളത്തിൽ ഇതുവരെ തീർപ്പാക്കിയത് 17 ലക്ഷത്തിലധികം ക്ലെയിമുകൾ. ഇതുവഴി 5,800 കോടിയിലധികം രൂപയാണ് പോളിസി ഉടമകൾക്ക് വിതരണം ചെയ്തതെന്ന് കമ്പനി വ്യക്തമാക്കി. കേരളത്തിലെ റീട്ടെയിൽ ആരോഗ്യ ഇൻഷുറൻസ് മേഖലയിൽ 66 ശതമാനം വിപണി വിഹിതവുമായി കമ്പനി ഒന്നാം സ്ഥാനത്താണെന്നും സ്റ്റാർ ഹെൽത്ത് ഇൻഷുറൻസ് ഹോൾ ടൈം ഡയറക്ടറും ചീഫ് മാർക്കറ്റിങ് ഓഫീസറുമായ ഹിമാൻഷു വാലിയ പറഞ്ഞു.

സ്റ്റാർ ഹെൽത്തിന്റെ ശക്തമായ വിപണിയാണ് കേരളം. ഇതുവരെ 25.4 ലക്ഷം പോളിസി ഉടമകളാണ് സംസ്ഥാനത്തുള്ളത്. 2026 ഏപ്രിൽ-ജൂൺ പാദത്തിൽ മാത്രം 5.3 ലക്ഷം പേർക്ക് ഇൻഷുറൻസ് പരിരക്ഷ നൽകാനായി. ഈ കാലയളവിൽ 42,000 ക്ലെയിമുകളിൽനിന്ന് 295 കോടി രൂപയും വിതരണം ചെയ്തുവെന്ന് അദ്ദേഹം പറഞ്ഞു. സ്റ്റാർ ഹെൽത്ത് 20 വർഷം പൂർത്തിയാക്കുന്ന വേളയിൽ രാജ്യമെമ്പാടും 71,000 കോടി രൂപയുടെ ക്ലെയിം തുക വിതരണം ചെയ്യാനായിട്ടുണ്ട്. വുമൻ കെയർ, യങ് സ്റ്റാർ ഉൾപ്പെടെ വിവിധ വിഭാഗങ്ങൾക്കായി 56 പ്ലാനുകൾ കമ്പനി ലഭ്യമാക്കുന്നതായും അദ്ദേഹം പറഞ്ഞു.

മെട്രോ നഗരങ്ങൾക്കും പുറത്തും സ്റ്റാർ ഹെൽത്തിന്റെ സേവന മേഖല ശക്തിപ്പെടുത്തുകയാണെന്ന് കേരള ബിസിനസ് മേധാവി ആർ.എസ്. സുരേഷ് പറഞ്ഞു.